# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ജനുവരി 20, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 196 –നമ്പർ 2

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 ജനുവരി 20, തിങ്കൾ

സ്പീക്കർ
**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി-ഇൻ-ചാർജ്ജ്
**ശ്രീ. ഷാജി സി. ബേബി**

ചീഫ് എഡിറ്റർ
**ശ്രീ. പി. രാമചന്ദ്രൻ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം

**ചരമോപചാരം**

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണം സംബന്ധിച്ച റഫറൻസ്

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 ജനുവരി 20, തിങ്കൾ

---

വാല്യം 196}　　　　ഔദ്യോഗിക റിപ്പോർട്ട്　　　　{നമ്പർ 2

---

നിയമസഭ 2025 ജനുവരി മാസം 20-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ: ഓർഡർ........... ഓർഡർ............

**ചരമോപചാരം**

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണം സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: രാജ്യത്തിന്റെ പതിനാലാമത് പ്രധാനമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന ഡോ. മൻമോഹൻ സിംഗ് 2024 ഡിസംബർ 26-ന് അന്തരിച്ചു. ലോകത്തിന് ഇന്ത്യ സംഭാവന ചെയ്ത മികച്ച സാമ്പത്തിക ശാസ്ത്രജ്ഞൻ കൂടിയായിരുന്നു അദ്ദേഹം.

1936 സെപ്റ്റംബർ 26-ന് അവിഭക്ത ഇന്ത്യയിലെ പഞ്ചാബ് പ്രവിശ്യയിൽ ഗുർമുഖ് സിംഗിന്റെയും അമൃത് കൗറിന്റെയും മകനായി ഡോ. മൻമോഹൻ സിംഗ് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അമൃത്സർ ഹിന്ദു കോളേജിലായിരുന്നു പഠനം. പിന്നീട് പഞ്ചാബ് സർവകലാശാലയിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും കേംബ്രിഡ്ജ് സർവകലാശാലയിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ഓണേഴ്സ് ബിരുദവും ഓക്സ്ഫോഡ് സർവകലാശാലയിൽനിന്ന് ഡോക്ടറേറ്റും നേടി. സാമ്പത്തിക വിദഗ്ധൻ, അക്കാദമിക് പണ്ഡിതൻ, ഉന്നത

ഉദ്യോഗസ്ഥൻ, രാഷ്ട്രീയനേതാവ് തുടങ്ങിയ മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര അദ്ദേഹം പതിപ്പിച്ചു. പഞ്ചാബ് യൂണിവേഴ്സിറ്റിയിലെയും പ്രശസ്തമായ ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിലെയും ഫാക്കൽറ്റിയിൽ ചെലവഴിച്ച വർഷങ്ങൾ ഡോ. മൻമോഹൻ സിംഗിന്റെ അക്കാദമിക് യോഗ്യതകൾ ശക്തിപ്പെടുത്തി.

1966-69 കാലയളവിൽ United Nations Conference on Trade and Development സെക്രട്ടേറിയറ്റിലും തുടർന്ന് ഇന്ത്യയുടെ ധനകാര്യ, വിദേശകാര്യ മന്ത്രാലയത്തിലും അദ്ദേഹം ഉന്നത പദവികൾ വഹിച്ചു. തുടർന്ന് റിസർവ് ബാങ്ക് ഗവർണ്ണർ, പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ, ജനീവയിലെ സൗത്ത് കമ്മീഷൻ സെക്രട്ടറി ജനറൽ, പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ്, യു.ജി.സി. ചെയർമാൻ എന്നീ നിലകളിലും പ്രശംസ പിടിച്ചുപറ്റി. അദ്ദേഹം നിരവധി അന്താരാഷ്ട്ര കോൺഫറൻസുകളിലും അന്താരാഷ്ട്ര സംഘടനകളിലും ഇന്ത്യയെ പ്രതിനിധീകരിക്കുകയും സൈപ്രസിൽ നടന്ന കോമൺവെൽത്ത് ഗവൺമെന്റ് മേധാവികളുടെ യോഗത്തിലേക്കും 1993-ൽ വിയന്നയിൽ നടന്ന

ലോക മനുഷ്യാവകാശ സമ്മേളനത്തിലേക്കും ഇന്ത്യൻ സംഘത്തെ നയിക്കുകയും ചെയ്തിട്ടുണ്ട്.

റിസർവ് ബാങ്ക് ഗവർണ്ണർ എന്ന നിലയിൽ ദേശീയതലത്തിലും അന്താരാഷ്ട്ര നാണയ നിധി അംഗമെന്നനിലയിൽ അന്താരാഷ്ട്ര തലത്തിലും ശ്രദ്ധനേടിയ ശേഷമാണ് അദ്ദേഹം രാഷ്ട്രീയത്തിലെത്തുന്നത്.

1991-ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തെ ധനകാര്യമന്ത്രി പദം തേടിയെത്തി. രാജ്യത്ത് സാമ്പത്തിക ഉദാരവത്കരണ നയങ്ങൾക്ക് തുടക്കം കുറിച്ച ധനകാര്യമന്ത്രി എന്ന നിലയിലാകും ഡോ. മൻമോഹൻ സിംഗിനെ കാലം അടയാളപ്പെടുത്തുക. 1991-ലെ നരസിംഹറാവു മന്ത്രിസഭയിൽ ധനമന്ത്രിയായിരുന്ന അദ്ദേഹം പുത്തൻ സാമ്പത്തിക നയങ്ങളായ ഉദാരവത്കരണം, സ്വകാര്യവത്കരണം, ആഗോളവത്കരണം എന്നീ മൂന്ന് ആശയങ്ങളിലൂടെ ഇന്ത്യൻ സമ്പദ്ഘടനയിൽ കാതലായ മാറ്റങ്ങൾ വരുത്തി. 2004-ൽ ഇടതുപക്ഷത്തിന്റെ പിന്തുണയോടെ യു.പി.എ. സഖ്യം അധികാരത്തിലെത്തിയപ്പോൾ ഡോ. മൻമോഹൻ സിംഗിനെയാണ്

പ്രധാനമന്ത്രി പദത്തിലേക്ക് നിയോഗിച്ചത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി, ഭക്ഷ്യസുരക്ഷാ പദ്ധതി, വിവരാവകാശ നിയമം തുടങ്ങി ഒട്ടേറെ ക്ഷേമ പരിപാടികൾ മൻമോഹൻ സിംഗ് മന്ത്രിസഭ ആവിഷ്കരിച്ചു. 2009-ൽ വിദ്യാഭ്യാസ അവകാശ നിയമം പാസ്സാക്കുന്നതിൽ മുൻപന്തിയിൽനിന്ന ഒരു ശക്തി കൂടിയാണ് അദ്ദേഹം. ഇന്ത്യ-ചൈന അതിർത്തി തർക്കങ്ങൾ കൊടുമ്പിരികൊണ്ട കാലത്ത് ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിൽ ഊഷ്മളമായ വിദേശബന്ധം  സൂക്ഷിച്ച മൻമോഹൻ സിംഗ്, അമേരിക്കയുമായി ആണവകരാറിലേർപ്പെട്ടത് എറെ വിമർശനങ്ങൾക്ക് വഴിവച്ചു.

ധനമന്ത്രിയായും പ്രധാനമന്ത്രിയായും രാഷ്ട്രനിർമ്മാണത്തിന് ഡോ. മൻമോഹൻ സിംഗ് നൽകിയ സംഭാവനകൾ അദ്ദേഹത്തിന്റെ സാമ്പത്തിക വൈദഗ്ധ്യത്തിനുമപ്പുറമാണ്. സൗമ്യത കാത്തുസൂക്ഷിക്കുമ്പോഴും തീരുമാനങ്ങളിൽ അദ്ദേഹം കാർക്കശ്യം പുലർത്തിയിരുന്നു. ഒട്ടേറെ അവാർഡുകളും അംഗീകാരങ്ങളും നേടിയിട്ടുള്ള മൻമോഹൻ സിംഗിനെ 1987-ൽ ഇന്ത്യയുടെ രണ്ടാമത്തെ പരമോന്നത

ബഹുമതിയായ പത്മവിഭൂഷൺ നൽകി രാജ്യം ആദരിച്ചു. കേംബ്രിഡ്ജ്, ഓക്സ്ഫോഡ് സർവകലാശാലകൾ അദ്ദേഹത്തിന് ഓണററി ബിരുദങ്ങൾ നൽകി ആദരിച്ചു. നിരവധി പുസ്തകങ്ങളുടെ രചയിതാവാണ്. 1998 മുതൽ 2004 വരെ രാജ്യസഭയിൽ പ്രതിപക്ഷ നേതാവായിരുന്നു.

പ്രഗത്ഭനായ ഒരു ധനകാര്യ വിദഗ്ധനെയും നിശ്ചയദാർഢ്യമുള്ള ഒരു രാഷ്ട്രതന്ത്രജ്ഞനെയുമാണ് ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെക്കുറിച്ച് അങ്ങ് പറഞ്ഞ വാക്കുകളോട് പൂർണ്ണമായും യോജിക്കുന്നു. 2024 ഡിസംബർ 26-ാം തീയതി അന്തരിച്ച മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ ദേഹവിയോഗത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. ഇന്ത്യൻ പ്രധാനമന്ത്രി എന്നതിനുപുറമെ അന്താരാഷ്ട്ര പ്രശസ്തനായ സാമ്പത്തിക വിദഗ്ധൻ, മാതൃകാ അധ്യാപകൻ, പ്രഗത്ഭനായ ഉദ്യോഗസ്ഥൻ, രാജ്യത്തിന്റെ ധനകാര്യമന്ത്രി എന്നിങ്ങനെ പല നിലകളിൽ അദ്ദേഹം പ്രശസ്തനായിരുന്നു. ഒരു സാധാരണ ഗ്രാമീണ കുടുംബത്തിൽ

ജനിച്ച അദ്ദേഹം സ്വന്തം ധിഷണയുടെ ബലത്തിലാണ് പ്രശസ്തമായ കേംബ്രിഡ്ജ് സർവകലാശാലയിൽ I.M.D. Little (Ian Malcolm David Little) എന്ന വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞന്റെ വിദ്യാർഥിയായി തന്റെ ഗവേഷണ പ്രബന്ധം പൂർത്തിയാക്കിയത്.

കയറ്റുമതിക്ക് ഊന്നൽ നൽകുന്ന ഒരു സാമ്പത്തികനയം വേണമെന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രബന്ധത്തിലെ പ്രമേയം. സ്വാതന്ത്ര്യം നേടിയശേഷം രാജ്യത്തിന്റെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ കീഴിൽ അടിസ്ഥാന ഖനവ്യവസായങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ഉദ്യമങ്ങൾക്കാണ് ഇന്ത്യയിലെ ആസൂത്രണ പ്രക്രിയ പ്രാമുഖ്യം നൽകിയത്. ഡോ. മൻമോഹൻ സിംഗ് സാമ്പത്തിക കാര്യങ്ങളുമായി ബന്ധപ്പെട്ട് അഭിപ്രായപ്പെട്ടിരുന്നത്, തന്റെ ഗവേഷണ പ്രബന്ധത്തിലെന്നപോലെ തെക്ക്-കിഴക്കൻ ഏഷ്യൻ രാജ്യങ്ങളെപ്പോലെ ഇന്ത്യയും കയറ്റുമതിയിൽ അധിഷ്ഠിതമായ സാമ്പത്തികനയം സ്വീകരിക്കണം എന്നതായിരുന്നു. ഗവേഷണം പൂർത്തിയാക്കി മടങ്ങിയെത്തിയ ഡോ. മൻമോഹൻ സിംഗ്

പഞ്ചാബ് സർവകലാശാലയിലും പിന്നീട് പ്രൊഫ. കെ. എൻ. രാജ്നൊപ്പം (Kakkadan Nandanath Rajan) ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിലും അധ്യാപകനായി. അക്കാദമിക മേഖലയിൽ നല്ല രീതിയിൽ ശോഭിക്കുമ്പോഴാണ് അദ്ദേഹം അന്താരാഷ്ട്ര സംഘടനകളിലും പിന്നീട് ഇന്ത്യൻ സർക്കാരിലും സാമ്പത്തിക നയരൂപീകരണ മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗങ്ങൾ സ്വീകരിച്ചത്. ഇന്ത്യയുടെ സാമ്പത്തികനയ രൂപീകരണത്തിൽ കാതലായ പങ്കുവഹിച്ചതും എല്ലാ പദവികളും വഹിച്ചതുമായ മറ്റൊരു വ്യക്തി ഇല്ലെന്നുതന്നെ പറയാം. കേന്ദ്ര ധനകാര്യ സെക്രട്ടറി, റിസർവ് ബാങ്ക് ഗവർണ്ണർ, ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻ, പ്രധാനമന്ത്രി ചന്ദ്രശേഖറിന്റെ മുഖ്യസാമ്പത്തിക ഉപദേഷ്ടാവ്, പി. വി. നരസിംഹ റാവു മന്ത്രിസഭയിലെ ധനകാര്യമന്ത്രി എന്നിങ്ങനെ എല്ലാ സുപ്രധാന ചുമതലകളും ഡോ. മൻമോഹൻ സിംഗ് നിർവഹിച്ചു. 1980-കളുടെ അവസാന ഘട്ടത്തിൽ അദ്ദേഹം സൗത്ത് കമ്മീഷന്റെ സെക്രട്ടറി ജനറലായും സേവനമനുഷ്ഠിച്ചു. 1991-ൽ രാജ്യത്തിന്റെ ധനകാര്യമന്ത്രിയാകുന്നതിന് തൊട്ടുമുമ്പ് കുറച്ചുകാലം അദ്ദേഹം യു.ജി.സി. ചെയർമാന്റെ ചുമതലയും

വഹിച്ചിരുന്നു. രാജ്യത്തിന്റെ ധനമന്ത്രിയായി നിയോഗിക്കപ്പെട്ടതിനാൽ ഇന്ത്യൻ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് അദ്ദേഹത്തിന്റെ പ്രാവീണ്യം പ്രയോജനപ്പെടുത്താനുള്ള അവസരം നഷ്ടപ്പെട്ടുവെന്ന് വേണമെങ്കിൽ പറയാം.

2004-ലെ പൊതുതിരഞ്ഞെടുപ്പിൽ നമ്മുടെ രാജ്യത്തെ വോട്ടർമാർ 'ഇന്ത്യ തിളങ്ങുന്നു' എന്ന മുദ്രാവാക്യത്തിൽ ആകൃഷ്ടരാകാതെ അന്നത്തെ ഭരണകക്ഷിയെ അധികാരത്തിൽനിന്ന് മാറ്റിയപ്പോൾ ഇടതുപക്ഷ പാർട്ടികളുടെ പിന്തുണയോടുകൂടി അധികാരത്തിൽവന്ന ഒന്നാം യു.പി.എ. സർക്കാരിന്റെ നേതൃത്വമേറ്റെടുക്കാൻ നിയുക്തനായത് ഡോ. മൻമോഹൻ സിംഗ് ആയിരുന്നു. ഇടതുപക്ഷം മുന്നോട്ടുവച്ച പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ആ സർക്കാർ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വിവരാവകാശ നിയമം തുടങ്ങി നിരവധി ശ്രദ്ധേയമായ കാൽവയ്പ്പുകൾ നടത്തുകയുണ്ടായി. ഡോ. മൻമോഹൻ സിംഗിന്റെയും അദ്ദേഹം നേതൃത്വം നൽകിയ യു.പി.എ. സർക്കാരിന്റെയും ചില നയങ്ങളിൽ ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടായിരുന്നുവെന്നത് വസ്തുതയാണ്. എന്നിരിക്കിലും

ഭരണഘടനാ മൂല്യങ്ങളെയും ജനാധിപത്യ സംവിധാനത്തെയും സംരക്ഷിക്കുന്നതിന് അദ്ദേഹമെടുത്ത നിലപാടുകൾ പ്രശംസനീയമാണ്. മതനിരപേക്ഷ മൂല്യങ്ങളിൽ അടിയുറച്ച് വിശ്വസിച്ചിരുന്ന പ്രതിഭാശാലിയായ സാമ്പത്തിക ശാസ്ത്രജ്ഞൻ, സൗമ്യനും നിശ്ചയദാർഢ്യവുമുള്ള ദേശസ്നേഹി എന്നിങ്ങനെ പൊതുമണ്ഡലത്തിൽ ശോഭിച്ച അനിതര സാധാരണക്കാരനായ ഒരു വ്യക്തിയെയാണ് ഡോ. മൻമോഹൻ സിംഗിന്റെ വിയോഗത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്. ഡോ. മൻമോഹൻ സിംഗിന്റെ കുടുംബാംഗങ്ങളോടും അദ്ദേഹത്തെ സ്നേഹിക്കുന്നവരോടും ആദരിക്കുന്നവരോടും അനുശോചനം അറിയിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, എല്ലാവരെയും വിസ്മയിപ്പിച്ച ഒരു പ്രധാനമന്ത്രിയാണ് കടന്നുപോയത്. ലോകം മുഴുവൻ ആദരിച്ച ഒരു സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്നു ഡോ. മൻമോഹൻ സിംഗ്. കേന്ദ്ര ധനമന്ത്രിയായും പിന്നീട് പത്തുവർഷം ഇന്ത്യയുടെ പ്രധാനമന്ത്രിയായ സമയത്തും രാജ്യത്ത് അതുവരെ നിലനിന്നിരുന്ന സാമ്പത്തിക രീതികൾക്ക് മാറ്റമുണ്ടാക്കിക്കൊണ്ടാണ് അദ്ദേഹം ഇന്ത്യയിൽ സാമ്പത്തിക പരിഷ്കാരങ്ങൾ

നടപ്പാക്കിയത്. അതുമായി ബന്ധപ്പെട്ട് അന്നത്തെ കാലത്ത് കുറെ വിമർശനങ്ങളുണ്ടായി; കാരണം അന്നുവരെ സഞ്ചരിച്ചിരുന്ന പാതയിൽനിന്നും വ്യത്യസ്തമായ ഒരു പാതയിലേക്കാണ് മാറിയത്. ലോകം മുഴുവൻ ഒരു ഗ്ലോബൽ വില്ലേജായി മാറിക്കൊണ്ടിരുന്ന അവസരത്തിൽ നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ലോക സാമ്പത്തിക ക്രമങ്ങളുടെ മാറ്റത്തിനനുസരിച്ചുള്ള ചില മാറ്റങ്ങൾ ഉൾക്കൊള്ളേണ്ട ആവശ്യം അന്നുണ്ടായിരുന്നു. എല്ലാ വെല്ലുവിളികളെയും നേരിട്ടുകൊണ്ടാണ് അദ്ദേഹം ആ സാമ്പത്തിക പരിഷ്കാരങ്ങൾ രാജ്യത്ത് നടപ്പാക്കിയത്. തത്ഫലമായി നമ്മുടെ ഖജനാവ് നിറഞ്ഞു. എക്സൈസ് ഡ്യൂട്ടി 150 ശതമാനം വർദ്ധിച്ചു; നമ്മുടെ കസ്റ്റംസ് ഡ്യൂട്ടി വർദ്ധിച്ചു; നികുതി വരുമാനം മൊത്തത്തിൽ വർദ്ധിച്ചു. രാജ്യത്ത് ധനമുണ്ടായി; രാജ്യത്ത് അതുവരെയില്ലാതിരുന്ന പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഏറ്റവും പ്രധാനപ്പെട്ട ചോദ്യം, ഖജനാവ് നിറഞ്ഞപ്പോൾ ആ പണം എന്ത് ചെയ്തുവെന്നതാണ്? ഡോ. മൻമോഹൻ സിംഗ് അവിടെയാണ് Equitable redistribution of wealth; അതായത്, സമ്പത്തിന്റെ നീതിപൂർവമായ

പുനർവിതരണമെന്നുള്ള തത്വം മുൻകൈയെടുത്ത് നടപ്പാക്കിയത്. Equitable redistribution of wealth-ന്റെ ഭാഗമായാണ് 2004-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് തിരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ കോൺഗ്രസ് മാനിഫെസ്റ്റോയിലുണ്ടായിരുന്ന മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അദ്ദേഹം നടപ്പാക്കിയത്. ഇന്ത്യയിലെ വിദൂര ഗ്രാമങ്ങളിലെ പാവപ്പെട്ടവന്റെ വീടുകളിലും തീ പുകയ്ക്കാനുള്ള അവസരമുണ്ടാക്കി. ആ പണം അതിനുവേണ്ടി മാത്രമല്ല, നാഷണൽ റൂറൽ ഹെൽത്ത് പ്രോഗ്രാമിലൂടെ ഇന്ത്യയിലെ വിദൂരഗ്രാമങ്ങളിൽ ആശുപത്രികൾ, ചികിത്സാ സൗകര്യങ്ങൾ എന്നിവ ഒരുക്കിക്കൊടുത്തു. Right to Education നിയമം നടപ്പാക്കിയതിലൂടെ ധാരാളം വിദ്യാലയങ്ങൾ ആരംഭിക്കുകയും അധ്യാപകരുടെ പോസ്റ്റ് ക്രിയേഷനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്തു. കാർഷിക മേഖല പ്രതിസന്ധി നേരിട്ടപ്പോൾ അദ്ദേഹം72,000 കോടി രൂപയുടെ കാർഷിക കടം എഴുതിത്തള്ളുന്നതിനുള്ള വിപ്ലവകരമായ തീരുമാനമെടുത്തു. Right to Information Act നടപ്പാക്കിയതിലൂടെ അദ്ദേഹം ജനാധിപത്യത്തിന്റെ മഹത്വം ഒന്നുകൂടി ഉയർത്തിപ്പിടിച്ചു. 2008-ൽ Global recession ഉണ്ടായപ്പോൾ

ലോകത്തിലെ സാമ്പത്തികമായി മുന്നാക്കം നിൽക്കുന്ന രാജ്യങ്ങളെല്ലാം തകർന്നുതരിപ്പണമായ ഘട്ടത്തിൽ, അടിപതറാതെ ഏറ്റവും മനോഹരമായി Global recession-നെ നേരിട്ട ഒന്നാമത്തെ രാജ്യം ഇന്ത്യയായിരുന്നു. ജി-20 രാജ്യങ്ങളുടെ യോഗത്തിൽ അമേരിക്കൻ പ്രസിഡന്റും ബ്രിട്ടീഷ് പ്രധാനമന്ത്രിയും ആസ്ട്രേലിയൻ പ്രധാനമന്ത്രിയുമടക്കമുള്ള വ്യക്തികളാണ് ഡോ. മൻമോഹൻ സിംഗിനെ അഭിനന്ദിച്ചുകൊണ്ടു സംസാരിച്ചത്. ഏറ്റവും ബുദ്ധിപൂർവം ആ Global recession-നെ മറികടന്ന ഒന്നാമത്തെ രാജ്യമാക്കി അദ്ദേഹം ഇന്ത്യയെ മാറ്റി. അദ്ദേഹത്തിന്റെ വലംകൈയായിരുന്ന എന്നും കൂടെയുണ്ടായിരുന്ന ശ്രീ. മൊണ്ടേക് സിംഗ് അലുവാലിയ എഴുതിയ 'Backstage' എന്ന മനോഹരമായ പുസ്തകത്തിൽ അദ്ദേഹം ഒരു കാര്യം പറയുന്നുണ്ട്. ഡോ. മൻമോഹൻ സിംഗ് പത്തുവർഷത്തെ പ്രധാനമന്ത്രി പദം ഒഴിയുന്നതിന് ഒരു മാസം മുമ്പ് ശ്രീ. മൊണ്ടേക് സിംഗ് അലുവാലിയയെ വിളിച്ച് ഒരു കാര്യം പറഞ്ഞു. 'നമ്മൾ ധാരാളം കാര്യങ്ങൾ ചെയ്തു, പക്ഷേ, കുറെ കാര്യങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. രാജ്യത്തിന് അനിവാര്യമായ ചില കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയാതെ പോയിട്ടുണ്ട്. അത്തരം

കാര്യങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കി നൽകണം'. ശ്രീ. മൊണ്ടേക് സിംഗ് അലുവാലിയ അത് എഴുതികൊടുത്തു. ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രി പദം ഒഴിഞ്ഞതിനുശേഷം ഒരു ഡിന്നറിൽവച്ച് അവർ തമ്മിൽ കണ്ടപ്പോൾ 'എന്തിനാണ് അങ്ങ് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ എന്നോട് എഴുതി നൽകണമെന്ന് ആവശ്യപ്പെട്ടത് ' എന്ന് ശ്രീ. മൊണ്ടേക് സിംഗ് അലുവാലിയ അദ്ദേഹത്തോട് ചോദിച്ചു. അക്കാര്യങ്ങൾ പുതിയ ഭരണാധികാരിക്ക് കൈമാറാൻ വേണ്ടിയാണെന്നാണ് അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞത്. അദ്ദേഹത്തിന്റെ മറുപടി കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു, നമ്മളാരും ഒരുപക്ഷെ ചെയ്യാത്ത ഒരുകാര്യമാണത്. നമുക്ക് ചെയ്യാൻ കഴിയാതെപോയ കുറെ കാര്യങ്ങൾ നമുക്ക് പിന്നാലെ വരുന്ന ഭരണാധികാരിക്ക് കൈമാറാനുള്ള അദ്ദേഹത്തിന്റെ വിശാലമായ മനസ്സ് നമ്മെ വിസ്മയപ്പെടുത്തുന്നതാണ്. എല്ലാറ്റിനുമുപരിയായി രാജ്യസ്നേഹവും ഈ രാജ്യത്തോടുള്ള കൂറും ഭരണഘടനാമൂല്യങ്ങളും ജനാധിപത്യവും മതേതരത്വവും ഉയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങളുടെ കണ്ണീരൊപ്പാനും സങ്കടങ്ങളും വിഷമങ്ങളും മാറ്റാനും അവരുടെ ജീവിതനിലവാരം ഉയർത്താനും അദ്ദേഹം

നടത്തിയ ശ്രമങ്ങൾ ചരിത്രത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ വേർപാടിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും മറ്റ് എല്ലാവർക്കുമുള്ള വേദനയിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നമ്മുടെ രാജ്യത്ത് പത്തുവർഷം പ്രധാനമന്ത്രിയും 1991 മുതൽ 1996 വരെ കേന്ദ്ര ധനമന്ത്രിയും ആയിരുന്ന ഡോ. മൻമോഹൻ സിംഗിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ടുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സൂചിപ്പിക്കുകയുണ്ടായി. അധ്യാപകൻ, ഗവേഷകൻ, സാമ്പത്തിക ശാസ്ത്രജ്ഞൻ എന്നീ നിലകളിൽ വിവിധ മണ്ഡലങ്ങളിൽ ഡോ. മൻമോഹൻ സിംഗ് അദ്ദേഹത്തിന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. യു.ജി.സി. ചെയർമാനായും ആർ.ബി.ഐ. ഗവർണ്ണറായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ധനകാര്യമന്ത്രി എന്ന നിലയിൽ 1991 മുതൽ അദ്ദേഹം നടപ്പാക്കിയ പരിഷ്കാരങ്ങളെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം നടപ്പാക്കിയ സ്വകാര്യവത്കരണ, ഉദാരവത്കരണ, ആഗോളവത്കരണ

നയങ്ങളെക്കുറിച്ചുള്ള  വിമർശനങ്ങൾ അന്നും ഇന്നും നിലനിൽക്കുന്നുവെന്നത് വസ്തുതയാണ്. പക്ഷെ അത് നടപ്പാക്കിയപ്പോൾ രാജ്യത്തിന് പുറത്ത് ഉണ്ടായിട്ടുള്ള ചില നേട്ടങ്ങളെക്കുറിച്ചും സൂചിപ്പിച്ചിരുന്നു. പക്ഷെ സാമ്പത്തികനയമെന്ന നിലയിലെടുത്താൽ മുതലാളിത്ത സാമ്പത്തിക നയമാണ് അന്ന് നടപ്പാക്കിയതെന്ന് നമുക്കറിയാം. അന്ന് രാജ്യത്തിന് ചിലപ്പോൾ അതാവശ്യമായിരിക്കും. പക്ഷെ അദ്ദേഹം ആ നയം അസാധാരണമായ വൈദഗ്ധ്യത്തോടുകൂടിയാണ് നടപ്പാക്കി മുന്നോട്ടുപോയത്. അദ്ദേഹത്തിന്റെ ഭരണകാലത്തിനുശേഷം പിന്നീട് ഇവിടെ അധികാരത്തിൽ വന്ന 2014-ലെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 2016-ൽ നോട്ടുനിരോധനം ഏർപ്പെടുത്തിയപ്പോൾ ഏറ്റവും വലിയ സാമ്പത്തിക ശാസ്ത്രജ്ഞനെന്ന നിലയിൽ ഡോ. മൻമോഹൻ സിംഗിന്റെ ശബ്ദം പാർലമെന്റിൽ കേൾക്കാമായിരുന്നു. ഇവിടെ നടക്കുന്നത് തനികൊള്ളയാണെന്നാണ് അദ്ദേഹം അതിനെക്കുറിച്ച് പറഞ്ഞത്. പിന്നീടുവന്ന ഗവൺമെന്റിന്റെ  നയത്തിന്റെ കാര്യത്തിൽ ആ രീതിയിൽ ശക്തമായി പ്രതികരിക്കാൻ അല്ലെങ്കിൽ അദ്ദേഹത്തിന് ആ വാക്ക്

ഉപയോഗിക്കാൻ കഴിഞ്ഞുവെന്നത് തന്നെ സാമ്പത്തിക ശാസ്ത്രജ്ഞൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ കഴിവാണ് എടുത്തു കാണിക്കുന്നത്. തന്റെ ഭരണ കാലഘട്ടത്തിൽ രാജ്യത്ത് പലതരത്തിലുള്ള പരിഷ്കാരങ്ങൾ നടപ്പാക്കുമ്പോൾ; അതായത്, അദ്ദേഹം നടപ്പാക്കുന്ന പരിഷ്കാരങ്ങളൊന്നും ഒരു കാരണവശാലും തന്റെ പേരിൽ അല്ലെങ്കിൽ ഡോ. മൻമോഹൻ സിംഗിന്റെ പേരിൽ അറിയപ്പെടാതിരിക്കണമെന്നും ഈ രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയങ്ങൾ എന്നരീതിയിൽ അറിയപ്പെടണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഇന്നത്തെ കാലത്ത് അതിൽ നിന്നൊക്കെ വ്യത്യസ്തമായിട്ടാണ് കാര്യങ്ങൾ നടപ്പാക്കുന്നത്. ആളുകളുടെ പേരിൽ അറിയപ്പെടുന്നതിനുപരി ഒരു രാജ്യത്തിന്റെ/ഒരു കാലഘട്ടത്തിന്റെ പേരിൽ ആ രാജ്യം നടപ്പാക്കിയ നയങ്ങളെക്കുറിച്ച് രാജ്യവും ലോകവും അറിയണമെന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ലോകമാകെ ബഹുമാനിച്ച, ആദരിച്ച ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന സാമ്പത്തിക ശാസ്ത്രജ്ഞനെന്ന നിലയിൽ ഡോ. മൻമോഹൻ സിംഗ്. അദ്ദേഹത്തിന്റെ ദീർഘകാലത്തെ ഭരണത്തിന്റെ

ഗുണദോഷങ്ങളെക്കുറിച്ചുള്ള ചർച്ചകൾ രാജ്യത്ത് നടക്കുമ്പോഴും ഏറ്റവും നിശ്ശബ്ദമായ പ്രവർത്തനത്തിലൂടെ തന്റെ രാജ്യത്തിന്റെ ഉന്നമനത്തിനും നേട്ടത്തിനുംവേണ്ടി ഏറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ആ വലിയ മനുഷ്യന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയും ബന്ധപ്പെട്ടവരുടെയുമെല്ലാം വേദനയിൽ പങ്കാളിയായിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാവും സൂചിപ്പിച്ചതുപോലെ യഥാർഥത്തിൽ 'ഇന്ത്യയുടെ രക്ഷകൻ' എന്ന് ഡോ. മൻമോഹൻ സിംഗിനെ വിളിക്കുന്നതിൽ തെറ്റില്ല. കാരണം 1991-ൽ അദ്ദേഹം കേന്ദ്ര ധനമന്ത്രിയായി ചുമതലയേല്ക്കുന്നതിന് മുമ്പുള്ള കാലഘട്ടം നാം ഓർക്കേണ്ടതുണ്ട്. രാജ്യത്തിന്റെ കരുതൽ ശേഖരം പണയംവച്ച് ഒരു രക്ഷയുമില്ലാതെ നിന്ന സമയത്താണ് 1991-ൽ അദ്ദേഹം കേന്ദ്ര ധനമന്ത്രിയായി ചുമതലയേറ്റത്. കേരളത്തിൽ കെ. കരുണാകരൻ മന്ത്രിസഭ അധികാരത്തിൽ വരുന്നതും ഞങ്ങൾക്ക് അതിന്റെ ഭാഗമാകാൻ കഴിയുന്നതും ആ

കാലഘട്ടത്തിൽത്തന്നെയാണ്. കേന്ദ്ര ധനമന്ത്രി എന്ന നിലയ്ക്ക് അന്ന് ഡോ. മൻമോഹൻ സിംഗ് രാജ്യത്ത് കൊണ്ടുവന്ന സാമ്പത്തിക പരിഷ്കാരങ്ങളില്ലായിരുന്നുവെങ്കിൽ നമ്മുടെ സമ്പദ്ഘടന തകർന്ന് തരിപ്പണമാകുകയും നിലവിൽ നോർത്ത് കൊറിയയുടേതിന് സമാനമായ സ്ഥിതിയിൽ closed economy ആയി മാറുകയും ചെയ്യുമായിരുന്നു. എന്നാൽ എല്ലാ എതിർപ്പുകളെയും മറികടന്ന് സാമ്പത്തിക പരിഷ്കാരങ്ങൾ വരുത്തി അദ്ദേഹം ധീരമായി മുന്നോട്ടുപോകുന്നതാണ് നമുക്ക് കാണാൻ സാധിച്ചത്. കെ. കരുണാകരൻ മന്ത്രിസഭയുടെ കാലത്ത് കേരളത്തിലുണ്ടായ വികസന പ്രവർത്തനങ്ങൾക്ക് ഡോ. മൻമോഹൻ സിംഗിന്റെ ഭാഗത്തുനിന്നും വാസ്തവത്തിൽ വലിയ സഹായമാണ് ലഭിച്ചത്. അതിനുശേഷം 2001-ൽ കേരളത്തിൽ ശ്രീ. എ. കെ. ആന്റണി മന്ത്രിസഭ നിലവിൽവന്നപ്പോൾ ഡോ. മൻമോഹൻ സിംഗ് പാർലമെന്റിൽ പ്രതിപക്ഷനേതാവായിരുന്നു. അന്ന് നമ്മൾ അദ്ദേഹത്തെ കേരളത്തിലേക്ക് ക്ഷണിക്കുകയും അദ്ദേഹത്തിന്റെ അഡ്വൈസ് വാങ്ങുകയും ചെയ്തിരുന്നു. പ്രൈവറ്റ് ഇൻവെസ്റ്റുമെന്റ് ആകർഷിക്കുകയല്ലാതെ കേരളത്തിന് രക്ഷപ്പെടാൻ

സാധിക്കില്ലെന്ന അദ്ദേഹത്തിന്റെ നിർദേശപ്രകാരമാണ് എമർജിംഗ് കേരള എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയത്. അതിന്റെ അനന്തര ഫലങ്ങൾ ഇപ്പോഴും നാം അനുഭവിക്കുന്നുണ്ട്. അന്ന് നല്ലൊരു തുടക്കമിടാൻ സാധിച്ചതുകൊണ്ടാണ് ധാരാളം നിക്ഷേപങ്ങൾ ഉണ്ടാകാൻ കാരണമായത്. സത്യത്തിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും കഴിവിന്റെയും ഫലമായാണ് ഒരു closed economy ആയി തകർന്നുപോകുമായിരുന്ന ഒരു വലിയ രാജ്യത്തെ തകരാതെ പരിപാലിക്കാൻ സാധിച്ചത്. സമ്പത്ത് ഉണ്ടാക്കി വിതരണം ചെയ്യുന്ന അനവധി നിയമങ്ങൾ, ഒട്ടനവധി പരിഷ്കാരങ്ങൾ എന്നിങ്ങനെ അദ്ദേഹത്തിന്റെ ധനവിതരണം സംബന്ധിച്ച് വലിയ ലിസ്റ്റ് തന്നെയുണ്ട്. സച്ചാർ കമ്മീഷനൊക്കെ അദ്ദേഹത്തിന്റെ കാലയളവിൽ വന്ന ആശയങ്ങളാണ്. സമ്പത്തുണ്ടാക്കി സമ്പത്ത് വിതരണം ചെയ്യുന്ന നയത്തിലൂടെ ഇന്ത്യയെ ഒരു പതനത്തിൽനിന്നും രക്ഷിച്ച ഒരു സാമ്പത്തിക വിദഗ്ധൻ, ധനമന്ത്രി, പ്രധാനമന്ത്രി എന്നിവയെല്ലാമായിരുന്ന ഡോ. മൻമോഹൻ സിംഗ്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ആവശ്യങ്ങൾ പൂർണ്ണമായും കേൾക്കുകയും അതിനുശേഷം ബന്ധപ്പെട്ട

മന്ത്രിയോട് അത് ചെയ്തുകൊടുക്കാൻ നിർദേശിക്കുകയും ചെയ്യുന്ന ലിബറലായ മനോഭാവം സ്വീകരിച്ചിരുന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹം എന്നത് അനുഭവത്തിൽനിന്നും എനിക്ക് മനസ്സിലായിട്ടുണ്ട്. അദ്ദേഹത്തിന്റെ വിയോഗം രാജ്യത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും പ്രത്യേകിച്ച് കേരളത്തിനും വലിയ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. അദ്ദേഹം പ്രധാനമന്ത്രിയായിരുന്നപ്പോൾ കേരളത്തിന് കൂടുതൽ മന്ത്രിസഭാ പ്രാതിനിധ്യം ലഭിച്ചിരുന്നു. ഇത്തരത്തിൽ ഓർമ്മയിൽവരുന്ന നിരവധി കാര്യങ്ങളുണ്ട്. ഇന്ത്യയെ തകർച്ചയിൽനിന്നും രക്ഷിച്ച പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. പിന്നീട് അധികാരത്തിൽവന്ന എല്ലാവരും അദ്ദേഹത്തിന്റെ സാമ്പത്തിക പരിഷ്കാരങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. പുറമെ എതിർപ്പ് പറഞ്ഞിട്ട് കാര്യമില്ല. ലോകം പോകുന്ന വഴിയിൽ നമ്മൾ സഞ്ചരിച്ചില്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു കഥ? ആ നിലയിൽ ഡോ. മൻമോഹൻ സിംഗ് എന്നും സ്മരിക്കപ്പെടും. എല്ലാവരോടുമൊപ്പം ഞാനും ഈ വിയോഗത്തിൽ പങ്കുചേരുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ എന്നിവരും രേഖപ്പെടുത്തിയ വികാരത്തോട് ഞാനും യോജിക്കുകയാണ്. ഡോ. മൻമോഹൻ സിംഗ് മാറ്റങ്ങളുടെ നായകനും സംശുദ്ധമായ ജീവിതത്തിന്റെ ആൾരൂപവുമായിരുന്നു. വിഭജനത്തിന് മുമ്പുള്ള പഞ്ചാബിൽ ജനിച്ച് വാണിജ്യ മന്ത്രാലയത്തിലെ സാമ്പത്തിക ഉപദേഷ്ടാവ്, യു.ജി.സി. അധ്യക്ഷൻ, കേന്ദ്ര ധനമന്ത്രി, പ്രധാനമന്ത്രി എന്നീ നിലകളിലെല്ലാം നമ്മോടൊപ്പംനിന്ന് മാറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത വ്യക്തിയായിരുന്നു അദ്ദേഹം. തന്റെ കന്നി ബജറ്റ് പ്രസംഗത്തിൽ ഡോ. മൻമോഹൻ സിംഗ് പറഞ്ഞത് 'ലോകം മുഴുവനും ഇന്ത്യയുടെ പുതിയ നയം ഉച്ചത്തിൽ വ്യക്തമായി കേൾക്കട്ടെ, ഇന്ത്യ ഇപ്പോൾ ഉണർന്നിരിക്കുന്നു, നമ്മൾ ജയിക്കും പ്രതിസന്ധികൾ മറികടക്കും' എന്നാണ്. അത് വെറുതെയല്ലെന്ന് കാലം തെളിയിച്ചു. വിമർശനങ്ങളെ തള്ളിമാറ്റി ഇന്ത്യ ലോകനിലവാര സൂചികയിലേക്ക് ഉയർന്നപ്പോൾ അതിന് കരുത്തായിനിന്ന

ക്രാന്തദർശിയെയാണ് നമുക്ക് നഷ്ടമായത്. റിസർവ് ബാങ്ക് ഗവർണ്ണർ, ധനകാര്യ സെക്രട്ടറി, പ്ലാനിംഗ് കമ്മീഷൻ ഉപാധ്യക്ഷൻ, കേന്ദ്ര ധനമന്ത്രി തുടങ്ങി ഇന്ത്യയുടെ സാമ്പത്തിക രംഗത്തെ നിർവചിക്കുന്ന തന്ത്രപരമായ സ്ഥാനങ്ങളിലിരുന്ന അനുഭവ പരിചയം കാരണമാണ് അദ്ദേഹം പ്രധാനമന്ത്രി സ്ഥാനത്തെത്തിയത്. മുൻ പ്രധാനമന്ത്രി എന്നതിലുപരി രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ആഗോളതലത്തിലെത്തിച്ച പ്രമുഖ സാമ്പത്തിക വിദഗ്ധൻ എന്നാവും ചരിത്രം ഡോ. മൻമോഹൻ സിംഗിനെ പ്രധാനമായും ഓർക്കുക. രാഷ്ട്രീയ പ്രവർത്തകൻ എന്നതിനെക്കാളുപരി സാമ്പത്തിക വിദഗ്ധനായാണ് അദ്ദേഹത്തെ എല്ലാവരും വിലയിരുത്തുക. ഇന്ത്യയുടെ വിദേശനാണ്യ ശേഖരം വളരെ ശോഷിച്ചിരുന്ന 1991-ലാണ് റിസർവ് ബാങ്ക് ഗവർണ്ണറായിരുന്ന ഡോ. മൻമോഹൻ സിംഗിനെ അന്നത്തെ പ്രധാനമന്ത്രി പി. വി. നരസിംഹറാവു കേന്ദ്ര ധനമന്ത്രിയാക്കുന്നത്. ആഗോള എണ്ണവില കുതിച്ചുയരുകയും അന്താരാഷ്ട്ര നാണയനിധിയിൽനിന്നും വായ്പയ്ക്കായി കരുതൽ സ്വർണ്ണംപോലും പണയം വയ്ക്കാൻ രാജ്യം നിർബന്ധിതമാകുകയും ചെയ്തപ്പോൾ അന്നത്തെ ധനമന്ത്രി എല്ലാവരെയും

അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. അദ്ദേഹത്തിന്റെ നയങ്ങൾ രാജ്യത്തെ വീണ്ടെടുത്തു. ലൈസൻസ് രാജിന് അറുതി വരുത്തി; കയറ്റുമതി സബ്സിഡി നിർത്തലാക്കി; രൂപയുടെ മൂല്യം താഴ്ത്തിക്കൊണ്ടാണ് അദ്ദേഹം ആ തീരുമാനമെടുത്തത്. ഇത് പരസ്പരം മത്സരിക്കുന്ന തരത്തിലേക്ക് വ്യവസായ മേഖലയെ മാറ്റുകയും രാജ്യം പുതിയ ഉയരത്തിലേക്ക് ചുവടുവയ്ക്കുകയും ചെയ്തു. ഇടത് പിന്തുണയോടെ 2004-ൽ യു.പി.എ. സർക്കാർ അധികാരത്തിലെത്തിയപ്പോൾ സൗമ്യനായ പ്രധാനമന്ത്രി എന്ന നിലയിൽ അദ്ദേഹം പേരെടുത്തു. തുടർച്ചയായി പത്ത് വർഷം ആ സ്ഥാനത്ത് തുടർന്നു. രണ്ടാം യു.പി.എ. സർക്കാരിനെതിരെ വ്യാപക വിമർശനമുയർന്നെങ്കിലും ആരും ഡോ. മൻമോഹൻ സിംഗിനെ അതിൽ കുറ്റപ്പെടുത്തിയില്ല. ഈ കാലയളവിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതി, വിവരാവകാശ നിയമം തുടങ്ങി ഒട്ടേറെ ക്ഷേമ പരിപാടികളും ഡോ. മൻമോഹൻ സിംഗ് മന്ത്രിസഭ ആവിഷ്കരിച്ചു. റിസർവ് ബാങ്ക് ഗവർണ്ണർ എന്ന നിലയിൽ ദേശീയ തലത്തിലും അന്താരാഷ്ട്ര നാണയ നിധി അംഗമെന്ന നിലയിൽ അന്താരാഷ്ട്രതലത്തിലും

ശ്രദ്ധനേടിയശേഷമാണ് അദ്ദേഹം രാഷ്ട്രീയത്തിലെത്തുന്നത്. ജവഹർലാൽ നെഹ്റു കഴിഞ്ഞാൽ അഞ്ച് വർഷം അധികാരം പൂർത്തിയാക്കിയശേഷം വീണ്ടും പ്രധാനമന്ത്രി പദത്തിലെത്തുന്ന വ്യക്തി എന്ന നിലയിലും ഡോ. മൻമോഹൻ സിംഗ് അറിയപ്പെടുന്നതാണ്. എന്റെ നേതാവ് ആരാധ്യനായ കെ. എം. മാണി സാറുമായി ഏറെ അടുപ്പമുള്ള വ്യക്തിയായിരുന്നു ഡോ. മൻമോഹൻ സിംഗ് എന്ന് ഈ അവസരത്തിൽ ഞാൻ ഓർക്കുന്നു. ഡോ. മൻമോഹൻ സിംഗ് റിസർവ് ബാങ്ക് ഗവർണ്ണറായിരുന്നപ്പോൾ കെ. എം. മാണി കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. പല സാമ്പത്തിക തീരുമാനങ്ങളും കേരളത്തിന് അനുകൂലമായ രീതിയിലെത്തിക്കാൻ ആ ഊഷ്മളബന്ധത്തിലൂടെ സാധിച്ചു. 2003-ൽ തിരുവനന്തപുരം വി.ജെ.റ്റി. ഹാളിൽ നടന്ന ചടങ്ങിൽ കെ. എം. മാണി സർ എഴുതിയ 'അദ്ധ്വാന വർഗ്ഗ സിദ്ധാന്തവും രാഷ്ട്രീയ സാമ്പത്തിക പഠനങ്ങളും' എന്ന പുസ്തകം പ്രകാശനം ചെയ്തതും ഡോ. മൻമോഹൻ സിംഗ് ആയിരുന്നുവെന്ന് ഞാൻ സ്മരിക്കുന്നു. ധനമന്ത്രിയായും പ്രധാനമന്ത്രിയായും രാഷ്ട്രനിർമ്മാണത്തിന് ഡോ. മൻമോഹൻ സിംഗ് നൽകിയ സംഭാവനകൾ

അദ്ദേഹത്തിന്റെ സാമ്പത്തിക വിവേകത്തിനും വൈദഗ്ധ്യത്തിനും സാക്ഷ്യപത്രങ്ങളാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അദ്ദേഹത്തെ സ്നേഹിക്കുന്ന എല്ലാവരോടും എനിക്കും എന്റെ പാർട്ടിക്കുമുള്ള അഗാധമായ ദുഃഖം ഇത്തരുണത്തിൽ അറിയിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഇന്ത്യൻ സമ്പദ്ഘടനയ്ക്ക് സുസ്ഥിര വികസന സാഹചര്യം ഉറപ്പുവരുത്തുന്നതിന് നേതൃത്വം നൽകിയ ഭരണാധികാരിയായിരുന്നു മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രാജ്യത്ത് നടപ്പാക്കിയ സാമ്പത്തിക പരിഷ്കാരങ്ങൾ തകർച്ചയുടെ നടുക്കുഴിയിൽ അകപ്പെട്ടിരുന്ന ഇന്ത്യാ മഹാരാജ്യത്തിന് സ്വന്തം കാലിൽ നിൽക്കാൻ കഴിയുംവിധത്തിലുള്ള കരുത്ത് പകർന്നുകൊണ്ട് മുന്നോട്ടുപോകാനുള്ള വഴിയൊരുക്കുന്നതിൽ നിർണ്ണായക പങ്കാണ് വഹിച്ചിട്ടുള്ളത്. വലിയൊരു പരീക്ഷണത്തിന്റെ കാലഘട്ടത്തിലൂടെ ഇന്ത്യ മുന്നോട്ടുപോയപ്പോൾ സന്തുലിതമായ രീതിയിൽ രാജ്യത്തെ പിടിച്ചുനിർത്തുന്നതിൽ അദ്ദേഹം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. മറ്റ് നേതാക്കൾ ചൂണ്ടിക്കാണിച്ചതുപോലെ ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതി, വിവരാവകാശ നിയമം, ഭക്ഷ്യസുരക്ഷാ ബിൽ, കുഞ്ഞുങ്ങൾക്കുള്ള ഭക്ഷ്യ-പോഷകാഹാര സുരക്ഷാ പദ്ധതികൾ, ആദിവാസി വനാവകാശ നിയമം തുടങ്ങി നിരവധി പുതിയ കർമ്മ പരിപാടികൾ രാജ്യത്ത് കൊണ്ടുവന്ന് ഏറ്റവും ശ്രദ്ധേയമായ കാലഘട്ടമാക്കി മാറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇന്ന് കേരളത്തിൽ നടക്കുന്ന National Highway Authority of India-ടെ ദേശീയപാത വികസനം ഉൾപ്പെടെയുള്ള പദ്ധതികൾ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് വളരെ ശ്രദ്ധേയമായ നിലയിൽ നടപ്പാക്കുന്നതിന് തുടക്കം കുറിച്ചതിന്റെ 'backbone' ഡോ. മൻമോഹൻ സിംഗ് ആയിരുന്നു എന്ന് നമുക്ക് കാണാൻ കഴിയും. രാജ്യത്തെ വളർച്ചയിലേക്ക് നയിക്കുന്നതിനും പ്രതിസന്ധികളിൽനിന്നും കരകയറ്റുന്നതിനും ധീരമായ നേതൃത്വം നൽകിയ, എന്നാൽ ശാന്തവും പക്വവുമായി ബഹളങ്ങളില്ലാതെ എല്ലാവരെയും ചേർത്തുനിർത്തി കൊണ്ടുപോകാൻ ശ്രമിച്ച, നമ്മുടെ രാജ്യത്തിന്റെ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതേതരത്വ വീക്ഷണങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് രാജ്യത്തെ കെട്ടുറപ്പോടെ മുന്നോട്ടുനയിക്കാൻ കഴിഞ്ഞ ഭരണാധികാരി,

സാമ്പത്തിക വിദഗ്ധൻ എന്നീ നിലകളിൽ അദ്ദേഹത്തിന്റെ നിസ്തുലമായ സംഭാവനകളാണ് രാജ്യത്തിന് ലഭിച്ചിട്ടുള്ളത്. അതെല്ലാം പവിത്രതയോടെ ഞാനിവിടെ സ്മരിക്കുന്നു. അദ്ദേഹത്തിന്റെ വേർപാട് രാജ്യത്തിനുണ്ടാക്കിയ നഷ്ടത്തിലും അദ്ദേഹവുമായി ബന്ധപ്പെട്ട എല്ലാവരിലുമുണ്ടാക്കിയ വേദനയിലും പങ്കുചേർന്നുകൊണ്ട് ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, അന്തരിച്ച മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെക്കുറിച്ച് അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ എന്നിവരും പറഞ്ഞ കാര്യങ്ങളോട് ഞാനും യോജിക്കുകയാണ്. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ നിരവധി ഉത്തരവാദിത്വങ്ങൾ നിർവഹിച്ച ഒരു വ്യക്തിത്വമായിരുന്നു ഡോ. മൻമോഹൻ സിംഗ്. ഈ രാജ്യത്ത് 1991-96 കാലഘട്ടത്തിൽ കേന്ദ്ര ധനമന്ത്രി, 2004-2014 വരെയുള്ള പത്ത് വർഷം ഇന്ത്യയുടെ പ്രധാനമന്ത്രി എന്നീ 'താക്കോൽ സ്ഥാനങ്ങൾ' വഹിച്ച ഒരു വ്യക്തിത്വമാണ് അദ്ദേഹം. സ്വാതന്ത്ര്യം ലഭിച്ച കാലം മുതൽ രാജ്യത്ത് നടപ്പാക്കിയിരുന്ന സാമ്പത്തിക

നയങ്ങളിൽ ഒരു വ്യതിയാനം അല്ലെങ്കിൽ ദീർഘകാലം ഭരിച്ചുകൊണ്ടിരുന്ന പാർട്ടിയുടെ നയങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു നയം 1991-ൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം അവതരിപ്പിക്കുകയുണ്ടായി. അത് ഡോ. മൻമോഹൻ സിംഗ് എന്ന സാമ്പത്തിക ശാസ്ത്രജ്ഞന്റെ ബുദ്ധിയിലുദിച്ച നയങ്ങൾ എന്ന അർത്ഥത്തിലായിരുന്നെങ്കിലും അദ്ദേഹത്തിന്റെ പാർട്ടിയിൽനിന്നുതന്നെ അക്കാലത്ത് എതിർപ്പുകളുണ്ടായി. എന്നാൽ പിന്നീട് കോൺഗ്രസ് പാർട്ടി അദ്ദേഹത്തിന്റെ നയങ്ങളെ പാർട്ടിയുടെയും സർക്കാരിന്റെയും നയങ്ങളായി സ്വീകരിച്ച് നടപ്പാക്കുന്ന സ്ഥിതി നാം കാണുകയുണ്ടായി. ആ നയങ്ങളുടെ ഗുണദോഷങ്ങളെ സംബന്ധിച്ച ഒരു ചർച്ച ചരമോപചാരം അർപ്പിക്കുന്ന സന്ദർഭത്തിൽ നട<u>ത്തു</u>ന്നത് ശരിയല്ലെന്ന് എനിക്കറിയാം. പക്ഷെ മൂലധന ശക്തികൾക്ക് അനുകൂലമായ ആഗോളീകരണ നയങ്ങൾ നടപ്പാക്കാതിരുന്ന രാജ്യങ്ങളും സാമ്പത്തിക ശക്തികളായി ഈ ലോകത്ത് ഉയർന്നുവന്നു എന്ന വസ്തുത നാം വിസ്മരിക്കരുത്. ഞാൻ ഇതിൽ കാണുന്ന പോസിറ്റീവായ കാര്യം, തന്റെ ബോധ്യത്തോട് നൂറ് ശതമാനം നീതി പുലർത്താൻ ശ്രമിച്ച ഒരു

ഭരണാധികാരിയായിരുന്ന ഡോ. മൻമോഹൻ സിംഗ് എന്നുള്ളതാണ്. ആ നയങ്ങളുടെ ഗുണദോഷങ്ങളുടെ ചർച്ചയിലേക്ക് ഈ ഘട്ടത്തിൽ ഞാൻ കടക്കുന്നില്ല. പിന്നീട് വന്ന ബി.ജെ.പി. ഗവൺമെന്റും അതേ നയങ്ങൾതന്നെ കൂടുതൽ തീവ്രമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. അതിന്റെ സ്വാധീനം എങ്ങനെയാണ് രാജ്യത്തെ സമ്പദ്ഘടനയിലും സാധാരണക്കാരന്റെ ജീവിതത്തിലും ഉണ്ടാകുന്നത് എന്നതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. താൻ കണ്ടെത്തിയ, അല്ലെങ്കിൽ തനിക്ക് ബോധ്യപ്പെട്ട കാര്യങ്ങൾ നിർഭയമായി നടപ്പാക്കാനുള്ള ആർജവം പ്രകടിപ്പിച്ച ഒരു ഭരണാധികാരി എന്ന നിലയിൽ ഡോ. മൻമോഹൻ സിംഗിനെ ചരിത്രം ഓർക്കും എന്നുതന്നെയാണ് എന്റെ വിശ്വാസം. എന്തെല്ലാം എതിർപ്പുകൾ വന്നാലും തനിക്ക് ബോധ്യപ്പെട്ട കാര്യങ്ങൾ നടപ്പാക്കുന്നതിൽ ഒരു നിശ്ചയദാർഢ്യം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം പ്രധാനമന്ത്രിയായിരുന്ന സമയത്ത് കേന്ദ്ര ഗവൺമെന്റിനെതിരെ നിരവധി അഴിമതി ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ഡോ. മൻമോഹൻ സിംഗ് എന്ന വ്യക്തിയെ

അതിലേക്ക് വലിച്ചിഴയ്ക്കാൻ പ്രതിപക്ഷം തയ്യാറായിട്ടില്ലെന്നതും നാം പ്രത്യേകം ഓർക്കണം. ഇവിടെ പരാമർശിക്കപ്പെടേണ്ട പ്രത്യേക കാര്യം, ഏറ്റവും ഉന്നതമായ സ്ഥാനങ്ങൾ വഹിക്കുമ്പോൾപോലും തികഞ്ഞ വിനയവും കുലീനമായ പെരുമാറ്റവുംകൊണ്ട് വളരെ ശ്രദ്ധേയമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായി ഡോ. മൻമോഹൻ സിംഗ് മാറിയിരുന്നു എന്നതാണ്. സഖാവ് വി. എസ്. അച്ചുതാനന്ദൻ മന്ത്രിസഭയിൽ അംഗമായിരിക്കുമ്പോൾ നാട്ടിലെ ഒരു പ്രധാനപ്പെട്ട പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യാൻ അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയോടൊപ്പം അദ്ദേഹത്തെ സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. കേരളത്തിലെ ഒരു സാധാരണ മന്ത്രിയോട് അദ്ദേഹം കാണിച്ച ആതിഥ്യമര്യാദ അല്ലെങ്കിൽ പെരുമാറ്റരീതി എന്നെ വല്ലാതെ അതിശയിപ്പിച്ചു. എത്ര ചെറിയ ആളുകളോടുപോലും വളരെ പ്രാധാന്യത്തോടും മാന്യതയോടുംകൂടി പെരുമാറാനുള്ള വിശാലമായ മനസ്സിന് അദ്ദേഹത്തിന്റെ പാണ്ഡിത്യവും അറിവും ഉന്നതസ്ഥാനവുമൊന്നും കോട്ടമുണ്ടാക്കിയിട്ടില്ല. എൻ.ഡി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അദ്ദേഹം പാർലമെന്റിൽ

നടത്തിയത് വളരെ ശ്രദ്ധേയമായ പ്രസംഗങ്ങളായിരുന്നു. പ്രത്യേകിച്ച് ഇന്നത്തെ സർക്കാരിന്റെ ചില നടപടികൾക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കാൻ അദ്ദേഹത്തിന്റെ ഇടപെടലുകൾ പര്യാപ്തമായിട്ടുണ്ട് എന്നുതന്നെയാണ് എന്റെ വിശ്വാസം. സർവോപരി രാജ്യത്ത് പത്ത് വർഷം പ്രധാനമന്ത്രിയായും അതിനുമുമ്പ് കേന്ദ്ര ധനമന്ത്രിയായും മറ്റ് പദവികളിലും ശ്രദ്ധേയമായ സംഭാവനകൾ നൽകി വ്യത്യസ്തമായ നിലപാടുകളെടുത്ത് രാജ്യത്തെ നയിച്ച ഒരു വ്യക്തിയായി ഡോ. മൻമോഹൻ സിംഗ് എന്നും സ്മരിക്കപ്പെടും. സ്വാർത്ഥതയില്ലാതെ തികഞ്ഞ വിനയത്തോടുകൂടി, കുലീനമായി പെരുമാറുന്ന ഒരു ഭരണാധികാരിയായി അദ്ദേഹം എന്നും ഓർമ്മിക്കപ്പെടും. അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണയ്ക്കുമുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട അങ്ങും പ്രതിപക്ഷ നേതാവുമൊക്കെ പങ്കുവച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ജനാധിപത്യം നൽകിയ വലിയ പദവികളിൽ പുലർത്തേണ്ട രാഷ്ട്രീയ പക്വതയും കാഴ്ചപ്പാടും ദീർഘവീക്ഷണവുമൊക്കെ മുന്നോട്ടുവച്ച ഒരു

വലിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഡോ. മൻമോഹൻ സിംഗ്. പ്രധാനമന്ത്രിയായി വരുന്നതിന് മുമ്പുതന്നെ ഇന്ത്യയുടെ അന്താരാഷ്ട്ര മുഖമായി അദ്ദേഹം ഉയർന്നുനിന്നിരുന്നുവെന്നത് വസ്തുതയാണ്. അക്കാദമിക് രംഗത്തുള്ള അദ്ദേഹത്തിന്റെ ഇടപെടലുകളും സംഭാവനകളും ഏറെ ഓർമ്മിക്കപ്പെടുന്നതാണ്. പ്രത്യേകിച്ച്, ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിലെ ഫാക്കൽറ്റി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം ഓർമ്മിക്കപ്പെടുന്നതാണ്. ഭരണകർത്താവ് എന്ന നിലയിലും അക്കാദമിക രംഗങ്ങളിലും അദ്ദേഹം ഓർമ്മിക്കപ്പെടുന്നു. നാടിന്റെ പുരോഗതിക്കുവേണ്ടി അദ്ദേഹം നടപ്പാക്കിയ സാമ്പത്തിക പരിഷ്കാരങ്ങൾ രാജ്യത്തിന്റെ സാമൂഹ്യനീതി ഉറപ്പുവരുത്തണമെന്ന ലക്ഷ്യത്തോടെയുള്ളതായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ പ്രധാന നിയമ നിർമ്മാണങ്ങളായ ഭക്ഷ്യ ഭദ്രതാ നിയമം, ഭക്ഷ്യ സുരക്ഷാ നിയമം, വിവരാവകാശനിയമം ഇതിനോടനുബന്ധിച്ചുള്ള തൊഴിലുറപ്പ് പദ്ധതി എന്നിവയെല്ലാം ലക്ഷ്യംവച്ചിരുന്നത് സാമൂഹ്യ നീതി ഉറപ്പുവരുത്തുക എന്നതായിരുന്നു. അതായത് ഭക്ഷണം ഒരു വ്യക്തിക്ക് അവകാശമാക്കുന്ന

ലോകത്തെ ആദ്യത്തെ രാജ്യമായി നമ്മുടെ ഭാരതത്തെ മാറ്റുന്ന എന്നുള്ളതാണ്. തൊഴിലുറപ്പ് പദ്ധതിയിലൂടെ എല്ലാ തലങ്ങളിലും രാജ്യത്തിന്റെ വിദൂര ഗ്രാമങ്ങളിൽപ്പോലും സാമ്പത്തിക ഭദ്രത എത്തിക്കാൻ സാധിച്ചുവെന്നതും അതിന്റെ ഗുണഫലങ്ങൾ ഇന്നും നമ്മുടെ നാട്ടിൽ അനുഭവിക്കാനും ഒട്ടനവധി വ്യക്തികളിലേക്ക് എത്തിക്കാനും കഴിയുന്നുവെന്നുള്ളതും ഏവരെയും ഓർമ്മപ്പെടുത്തേണ്ട കാര്യമാണ്. ഇവിടെ എല്ലാവരും പ്രതിപാദിച്ചതുപോലെ അദ്ദേഹം വളരെ ശാന്തമായ സമീപനത്തിന്റെ ഉടമയായിരുന്നുവെന്ന് മാത്രമല്ല, ഉന്നത പദവികളിൽ എന്നും അദ്ദേഹത്തിന്റേതായ ഒരു കുലീനത വച്ചുപുലർത്തുകയും ചെയ്തിരുന്നു. അദ്ദേഹം കേരളത്തോട് എപ്പോഴും കാണിച്ചിട്ടുള്ള മമതയും കരുതലുമൊക്കെ ഇവിടെ സ്മരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വേർപാട് രാജ്യത്തിന് വലിയൊരു നഷ്ടമാണ്. അദ്ദേഹത്തിന്റെ വേർപാടിലുള്ള ദുഃഖവും അനുശോചനവും ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഇന്ന് ഈ സഭയിൽ പ്രിയങ്കരനായ മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ

വ്യക്തമാക്കുന്നത് പാവപ്പെട്ടവരുടെ ഹൃദയങ്ങളിൽ അദ്ദേഹം ജീവിക്കുന്നുവെന്നുള്ളതാണ്. നമ്മുടെ ഒരു മുദ്രാവാക്യം പോലെ, 'ഇല്ല ഇല്ല മരിക്കുന്നില്ല, ജീവിക്കുന്നു ഞങ്ങളിലൂടെ' എന്നുപറയുന്നതുപോലെ ഡോ. മൻമോഹൻ സിംഗ് പാവപ്പെട്ടവരുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു എന്നുള്ളതിന്റെ തെളിവാണ് ഇന്ന് ആദരണീയനായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കളും അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത്. ആർക്കും ഒരു കുറ്റവും പറയാനില്ലാത്ത ഒരു പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. അദ്ദേഹത്തെ കളിയാക്കികൊണ്ട് 'ഒച്ചയെടുത്ത് സംസാരിക്കാത്ത ഒരു പ്രധാനമന്ത്രി' എന്ന് പറയുമ്പോൾ 'ഒച്ചയിൽ സംസാരിക്കുന്നതല്ല ഒരു പ്രധാനമന്ത്രിയുടെ ദൗത്യം, നല്ല രീതിയിൽ കാര്യങ്ങൾ പ്രവർത്തിക്കുക', എന്ന അദ്ദേഹത്തിന്റെ മറുപടി അന്നത്തെ കാലത്തെ പത്രങ്ങളിൽ വന്നത് ഞാൻ ഇന്നും ഓർക്കുന്നു. അത്തരത്തിൽ പ്രവർത്തിച്ച ഒരു പ്രധാനമന്ത്രിയായിരുന്നു ഡോ. മൻമോഹൻ സിംഗ്. ഡൽഹിയിൽ ഞങ്ങളുടെ നേതാവ് ശരദ് പവാർജിയുടെ വീട്ടിൽ ഒരു മീറ്റിംഗിൽ പങ്കെടുക്കുമ്പോൾ അദ്ദേഹവും അവിടെ വരാനിടയായി.

അങ്ങനെയാണ് ആദ്യമായി ഡോ. മൻമോഹൻ സിംഗിനെ നേരിട്ട് കാണുന്നത്. ജനഹൃദയങ്ങളിൽ, പാവപ്പെട്ടവരുടെ ഹൃദയങ്ങളിൽ ഇന്നും ഓർമയിൽ നിൽക്കുന്നുവെന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രത്യേകത. ഇന്ത്യ എന്ന മഹാരാജ്യത്തെ ഒരു സാമ്പത്തിക ക്ലേശവുമില്ലാതെ നയിക്കാൻ തക്കവണ്ണം അദ്ദേഹമെടുത്ത തീരുമാനങ്ങൾ ഇന്നും നിലനിൽക്കുകയാണ്. അതാണ് നമുക്ക് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. ഞാനും എന്റെ പാർട്ടിയും അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗ് ഔദ്യോഗിക ജീവിതത്തിനുശേഷം രാഷ്ട്രീയത്തിലേക്ക് വന്ന വ്യക്തിയായിരുന്നു. അദ്ദേഹം ചെറുപ്പം മുതൽ രാഷ്ട്രീയ പ്രവർത്തനം നടത്തുകയോ ജനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയോ ചെയ്ത വ്യക്തിയല്ല. പക്ഷെ, ഭാരതത്തിലെ സാധാരണക്കാരന്റെ വികാരങ്ങളെ ഉൾക്കൊണ്ട ഒരു മഹത് വ്യക്തിയായിരുന്നു അദ്ദേഹമെന്ന് നമുക്ക് പറയേണ്ടിവരും. കാരണം ലോകത്തിനുമുമ്പിൽ ഒരു പുതിയ സാമ്പത്തിക

ശക്തിയായി മാറ്റിയെടുക്കുന്നതിനായി ഒരു പുതിയ വെളിച്ചത്തിലേക്ക് ഇന്ത്യയെ നയിച്ച പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. അദ്ദേഹം കേന്ദ്ര ധനമന്ത്രി, പ്രധാനമന്ത്രി എന്നീ പദവികൾ വഹിക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ സുരക്ഷിതമായ നിലയിൽ എത്തിക്കാനുള്ള പരിഷ്കാരങ്ങൾ ധാരാളമായി കൊണ്ടുവന്നിരുന്നു. അതിൽ പല പരിഷ്കാരങ്ങളോടും രാഷ്ട്രീയമായി യോജിക്കാൻ കഴിഞ്ഞില്ലെങ്കിൽപോലും പല രാജ്യങ്ങളും സാമ്പത്തികമായി തകർന്നടിയുന്ന അവസരത്തിൽ, ഭാരതത്തെ പിടിച്ചുനിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു എന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്. കോടീശ്വരന്മാരെ ശതകോടീശ്വരന്മാരാക്കുകയും അതേസമയം ദരിദ്രരെ പരമദരിദ്രരാക്കുകയും ചെയ്യുന്ന ഒരു സാമ്പത്തിക ശാസ്ത്രമാണ് ഇന്ന് നമ്മുടെ നാട്ടിൽ കണ്ടുവരുന്നത്. അതിൽനിന്ന് വ്യത്യസ്തമായി പുതിയ സാമ്പത്തിക പരിഷ്കാരങ്ങളിലൂടെ സർക്കാരിന്റെ ഖജനാവ് നിറയ്ക്കുന്നതോടൊപ്പം പാവപ്പെട്ടവർക്കുകൂടി കരുതൽ നൽകുന്ന ഒരു പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. അതിന് ഏറ്റവും വലിയ ഉദാഹരണങ്ങളാണ് അദ്ദേഹം

യാഥാർത്ഥ്യമാക്കിയ ഭക്ഷ്യ സുരക്ഷാ നിയമവും തൊഴിലുറപ്പ് പദ്ധതിയും. അത്തരം പദ്ധതികളിലൂടെ ഗ്രാമങ്ങളിലേക്കും സാധാരണക്കാരനിലേക്കും രാജ്യത്തിന്റെ സമ്പത്ത് എത്തുകയും അതിലൂടെ അവരുടെ ജീവിതനിലവാരം ഉയർത്താൻ ശ്രമിക്കുകയും ചെയ്ത തരത്തിലുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ രാജ്യത്തിനും ലോകത്തിനും മാതൃകയായി മാറിയിട്ടുണ്ട്. വ്യക്തിപരമായി പറയുമ്പോൾ, വളരെ സ്നേഹത്തോടെയും മാന്യതയോടെയും പെരുമാറുന്ന വ്യക്തിയാണ് അദ്ദേഹം. ശ്രീ. മാത്യു ടി. തോമസ് സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാരണം ഒരു സംസ്ഥാന മന്ത്രിയോടെന്നല്ല ഒരു എം.എൽ.എ.-യോ ഒരു പൊതുപ്രവർത്തകനോ ആണെങ്കിൽപ്പോലും; ആരോടാണെങ്കിലും; ഏറ്റവും മാന്യതയോടെ പെരുമാറുന്ന വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തെ അടുത്ത് കാണാനും സംസാരിക്കാനും എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അമിതമായി ഒന്നും സംസാരിച്ചില്ലെങ്കിലും അടുത്ത് നിൽക്കുമ്പോൾ അദ്ദേഹത്തിന്റെ ലാളിത്യം നമുക്ക് അനുഭവപ്പെടും. കുശലം പറയുന്നതിലല്ല നമ്മോട് പെരുമാറുന്ന രീതിയിലുള്ള അദ്ദേഹത്തിന്റെ എളിമ നമുക്ക് അനുഭവിച്ചറിയാൻ

കഴിയും. അത്തരത്തിലുള്ള ഒരു നല്ല വ്യക്തി, അദ്ദേഹത്തിന്റെ ജീവിതത്തിൽ കൈവരിച്ച ലാളിത്യം, സുതാര്യത, ലളിത ജീവിതം ഇതെല്ലാം എടുത്തുപറയേണ്ടതാണ്. പത്ത് വർഷം പ്രധാനമന്ത്രിയായി രാജ്യം ഭരിക്കുമ്പോൾ തന്റെ ജീവിതത്തിൽ അദ്ദേഹം മാതൃകയാക്കിയ ലളിതജീവിതം നാം കണ്ടു പഠിക്കേണ്ടതാണ്. ഇത്രയും വലിയ ഒരു ജനാധിപത്യ രാജ്യത്തിലെ പ്രധാനമന്ത്രി എന്ന പദവി വഹിക്കുമ്പോൾ ജീവിതത്തിൽ അദ്ദേഹം പുലർത്തിയ ലാളിത്യം, സുതാര്യത എന്നിവയ്ക്ക് ഉദാഹരണമാണ് അദ്ദേഹം നടപ്പാക്കിയ വിവരാവകാശ നിയമം. ഭരണരംഗത്തെ അധികാരത്തിന്റെയും ഭരണത്തിന്റെയും കാര്യങ്ങൾ സുതാര്യമായി ജനങ്ങൾക്കറിയാനും അഴിമതിരഹിതമായ ഭരണം നടത്താനുംവേണ്ടി അദ്ദേഹം മുന്നോട്ടുവച്ച ആശയമാണ് വിവരാവകാശ നിയമം. ഇത്തരത്തിലുള്ള വലിയ ആശയങ്ങൾ സാമ്പത്തിക രംഗത്ത് മാത്രമല്ല, ജനാധിപത്യ രംഗത്തും സാധാരണക്കാരുടെ ജീവിതത്തിലും അദ്ദേഹം നൽകിയ സംഭാവനകൾ വിസ്മരിക്കാൻ കഴിയുന്നതല്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി നാം ഇവിടെ ചർച്ച ചെയ്തു.

ജീവിത്തിൽ അദ്ദേഹം കൈവരിച്ച ലാളിത്യം നമുക്ക് മാതൃകയാകട്ടെ എന്ന് കരുതിക്കൊണ്ട് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെയും അദ്ദേഹത്തെ സ്നേഹിക്കുന്ന എല്ലാവരുടെയും ദുഃഖത്തിൽ പങ്ക് ചേർന്നുകൊണ്ട് അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് അംഗങ്ങളും ഡോ. മൻമോഹൻ സിംഗിനെക്കുറിച്ച് രേഖപ്പെടുത്തിയ അനുശോചന വചസ്സുകൾ നമ്മൾ കേട്ടു. ഇന്ത്യയുടെ പ്രധാനമന്ത്രി എന്ന നിലയ്ക്ക് രാജ്യത്തിനകത്തും പുറത്തും ഒരുപോലെ ദീപ്തമായ ഒരു വ്യക്തിത്വത്തിന് പ്രതീകമായിരുന്നു ഡോ. മൻമോഹൻ സിംഗ്. സാമ്പത്തിക പാണ്ഡിത്യത്തിന്റെ പ്രഭവചൈതന്യം പ്രകാശിതമാക്കിയ നിലപാടുകളാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനുശേഷം അഞ്ച് വർഷം അധികാരത്തിലിരുന്ന് വീണ്ടും അതേ പദവിയിൽ തിരിച്ചെത്തിയ ഒരു രാഷ്ട്രീയ നേതാവും പ്രധാനമന്ത്രിയുമായിരുന്ന അദ്ദേഹത്തിന്റെ കർമ്മരംഗത്തെക്കുറിച്ച് വ്യക്തമാക്കിയത് ഞാൻ

ആവർത്തിക്കുന്നില്ല. ചരിത്രമുറങ്ങുന്ന പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ അന്തർദേശീയ തലത്തിലുള്ള ഒരു സെമിനാറിൽ അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ കേൾക്കാനിടയായി. വാസ്തവത്തിൽ അതിൽ പാണ്ഡിത്യവും പാണ്ഡിത്യത്തിന്റെ അലംഘനീയമായ ചൈതന്യവും ഒഴുകിവരികയായിരുന്നു. അത് കേൾക്കാൻ മാത്രമെ കഴിഞ്ഞുള്ളൂ. അതിൽ അവതരിപ്പിച്ച കാര്യങ്ങൾ ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ സാധിക്കാത്ത വിധം അത്രയേറെ പണ്ഡിത പ്രാമുഖ്യമുള്ളതായിരുന്നു. ഏത് വേദിയിലും സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് പറയാൻ കഴിവുള്ള, റിസർവ് ബാങ്കിന്റെ ഗവർണ്ണറും ഐ.എം.എഫ്. അംഗവുമൊക്കെയായി ഒരുപാട് പരിചയ സമ്പത്തുള്ള അദ്ദേഹത്തിന് രാജ്യത്തിന്റെ സമ്പദ്ഘടനയിൽ കാര്യമായ മാറ്റങ്ങൾ വരുത്താൻ സാധിച്ചുവെന്നത് മറ്റൊരു വസ്തുതയാണ്. ആഗോളവത്കരണവും ഉദാരവത്കരണവും അദ്ദേഹത്തിന് ഇടതുംവലതും നിൽക്കുന്ന രണ്ട് നയങ്ങളായിരുന്നു. അതിന്റെ ഗുണവും ദോഷവും ആനുകൂല്യങ്ങളും എതിർപ്പുകളുമൊക്കെ നമ്മൾ കേട്ടതാണ്. അത് നമ്മുടെ നാടിന്റെ സാമ്പത്തിക കരുത്തിനും ശക്തിക്കും എങ്ങനെ പ്രയോജനപ്പെടുത്താൻ

കഴിയുമെന്നതിനെക്കുറിച്ചുള്ള ഒരു ആമുഖം നൽകാനും അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് മറ്റൊരു വസ്തുതയാണ്. അങ്ങനെ സ്വതന്ത്ര ഭാരതത്തിന്റെ സാമ്പത്തിക/സാമൂഹ്യ മേഖലകളിൽ പരിവർത്തനത്തിന് തുടക്കം കുറിച്ചത് അടിസ്ഥാനപരമായ വസ്തുതകളുടെയും സാമ്പത്തിക തത്വശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിലായിരുന്നുവെന്ന് പിന്നീട് ഇന്ത്യയും ലോകവും മനസ്സിലാക്കുകയും ചെയ്തു. അത്തരത്തിലുള്ള ഒരു മഹാവ്യക്തിയുടെ ധന്യവും ബഹുമുഖവുമായ ജീവിതം പൊലിഞ്ഞത് നമുക്ക് തീരാനഷ്ടമാണ്. പ്രോജ്വലിക്കുന്ന ഡോ. മൻമോഹൻ സിംഗിന്റെ ഓർമ്മകൾക്കുമുമ്പിൽ വിനയഭരിതനായി പ്രണാമം അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗ് ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് വരുത്തിയ മാറ്റങ്ങൾ ഏറ്റവും ശ്രദ്ധേയവും രാജ്യാന്തരതലത്തിൽ ചർച്ച ചെയ്യപ്പെട്ടവയുമായിരുന്നു. പി. വി. നരസിംഹറാവുവിന്റെ നിർദേശപ്രകാരമാണ് അദ്ദേഹം രാഷ്ട്രീയ രംഗത്തേയ്ക്ക് വന്നത്. രാഷ്ട്രീയത്തിൽ അദ്ദേഹത്തിന്

താൽപര്യമില്ലായിരുന്നു. അദ്ദേഹത്തിന്റെ ചിന്തയും പ്രവർത്തനങ്ങളുമെല്ലാം സാമ്പത്തിക രംഗത്തായിരുന്നു. തന്റെ താൽപര്യവും പി. വി. നരസിംഹറാവുവിന്റെ പിന്തുണയും ഒരുമിച്ചപ്പോൾ മികച്ച ഒരു രാഷ്ട്രീയ സാമ്പത്തിക വിദഗ്ധനെയായിരുന്നു ഇന്ത്യയ്ക്ക് ലഭിച്ചത്. രാജ്യത്ത് സാമ്പത്തിക ഉദാരവത്കരണത്തിന് വാതിൽതുറന്ന ധനകാര്യ വിദഗ്ധനും കോൺഗ്രസ് നേതാവുമായിരുന്നു അദ്ദേഹം. സാമ്പത്തിക വിദഗ്ധനിൽനിന്ന് രാഷ്ട്രീയ നേതാവായുള്ള ഡോ. മൻമോഹൻ സിംഗിന്റെ വളർച്ചയും വഴികളും ഇന്ത്യയുടെ സാമ്പത്തിക രാഷ്ട്രീയ ചരിത്രംകൂടിയാണ്. അദ്ദേഹം നരസിംഹറാവു മന്ത്രിസഭയിൽ ധനമന്ത്രിയായിരുന്നു. ഉദാരവത്കരണം, സ്വകാര്യവത്കരണം എന്നീ നയങ്ങളിലൂടെയാണ് രാജ്യത്തെ സാമ്പത്തിക വ്യവസ്ഥയെ പരമ്പരാഗത പാതയിൽനിന്ന് വഴിമാറ്റിയത്. സിഖ് സമുദായത്തിൽനിന്നുള്ള ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗ്, മുൻകാലത്ത് കേന്ദ്ര സർക്കാരിന്റെ ഉന്നത സമിതികളിൽ അംഗമായി പ്രവർത്തിച്ചിരുന്നു. മുഖ്യസാമ്പത്തിക ഉപദേഷ്ടാവ്, റിസർവ് ബാങ്ക് ഗവർണർ, ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷൻ എന്നീ നിലകളിലെല്ലാം പ്രവർത്തിച്ച്

മുന്നോട്ടുപോയതിന്റെ ഭാഗമായി ഇന്ത്യയുടെ സാമ്പത്തിക രംഗത്തുണ്ടായ മാറ്റങ്ങൾ ഇന്നും നാം നല്ലരീതിയിൽ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചും അദ്ദേഹം രാജ്യത്ത് കൊണ്ടുവന്ന പുതിയ കർമ്മ പദ്ധതികളെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. അതെല്ലാം സാധാരണ ജനങ്ങൾക്ക് ഗുണകരമായ കാര്യങ്ങളായിരുന്നു. വളരെ എളിമയോടുകൂടി കാര്യങ്ങൾ കേൾക്കുകയും ഉടൻതന്നെ അതിന് പരിഹാരം കാണുകയും ചെയ്യുന്ന ഒരു പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. സാമ്പത്തിക രംഗത്തുണ്ടായ മാറ്റങ്ങളും ഭരണാധികാരിയെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ഓർമ്മകളും കൂടുതൽ ശക്തിപകർന്നുകൊണ്ട് മുന്നോട്ടുപോകാൻ നമ്മെ സഹായിക്കട്ടെ എന്ന് പറഞ്ഞുകൊണ്ടും അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ ഒരായിരം ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും നിർത്തുന്നു.

ശ്രീ. ആന്റണി രാജു: സർ, പഞ്ചാബ് സർവകലാശാലയിൽ സീനിയർ ലക്ചററായി ഔദ്യോഗിക ജീവിതം ആരംഭിച്ച് പ്രധാനമന്ത്രി, കേന്ദ്ര ധനമന്ത്രി, രാജ്യസഭയുടെ പ്രതിപക്ഷനേതാവ്, ആർ.ബി.ഐ. ഗവർണ്ണർ, ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻ, യു.ജി.സി. അധ്യക്ഷൻ എന്നിങ്ങനെ ലഭിച്ച എല്ലാ

പദവികളിലും തന്റെ ശേഷി വിന്യസിപ്പിക്കാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്ന വ്യക്തിയായിരുന്നു ഡോ. മൻമോഹൻ സിംഗ്. രാജ്യത്തിന്റെ ഒന്നാംനിര സാമ്പത്തിക വിദഗ്ധൻ എന്ന പരിവേഷത്തോടെ രാഷ്ട്രീയത്തിൽ പ്രവേശിക്കുകയും പ്രധാനമന്ത്രി പദവിവരെ എത്തുകയും ചെയ്ത ചരിത്രമാണ് അദ്ദേഹത്തിനുള്ളത്. രാഷ്ട്രീയ പ്രവർത്തകൻ എന്നതിനെക്കാൾ പ്രഗല്ഭനായ സാമ്പത്തിക ശാസ്ത്രജ്ഞനായി വിലയിരുത്തപ്പെടുന്ന ഡോ. മൻമോഹൻ സിംഗിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, നമ്മുടെ മുൻ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗിനെക്കുറിച്ച് അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. അവിഭക്ത ഇന്ത്യയിൽ പഞ്ചാബ് പ്രവശ്യയിലെ ഒരു ഗ്രാമത്തിൽ 1932 സെപ്റ്റംബർ 26-ന് ഡോ. മൻമോഹൻ സിംഗ് ജനിച്ചു. അദ്ദേഹം 1962-ൽ പഞ്ചാബ് സർവകലാശാലയിൽനിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടുകയും പഞ്ചാബ് യൂണിവേഴ്സിറ്റിയിലെയും പ്രശസ്തമായ ഡൽഹി സ്കൂൾ ഓഫ്

ഇക്കണോമിക്സിലെയും ഫാക്കൽറ്റിയിലും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം 1971-ൽ കേന്ദ്ര വാണിജ്യ കമ്മീഷന്റെ സാമ്പത്തിക ശാസ്ത്ര ഉപദേഷ്ടാവായി. തുടർന്ന് ധനകാര്യ മന്ത്രാലയം സെക്രട്ടറി, പ്ലാനിംഗ് കമ്മീഷന്റെ ഉപാധ്യക്ഷൻ, റിസർവ് ബാങ്ക് ഗവർണ്ണർ, പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ്, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ എന്നീ പദവികൾ വഹിക്കാനും അദ്ദേഹത്തിന് സാധിച്ചു. ഇന്ത്യയുടെ ധനമന്ത്രിയായിരുന്ന 1991-96 കാലഘട്ടത്തിലാണ് സമഗ്ര സാമ്പത്തിക പരിഷ്കരണങ്ങൾ നടപ്പാക്കാൻ അദ്ദേഹത്തിന് സാധിച്ചത്. അദ്ദേഹത്തിന്റെ സാമ്പത്തിക നിലപാടുകളിൽ വിയോജിപ്പുള്ളവർക്കുപോലും സമന്വയത്തിന്റെ പാതയിൽ പലപ്പോഴും അദ്ദേഹത്തോടൊപ്പം നിൽക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. 1991 മുതൽ രാജ്യസഭാംഗമായി പ്രവർത്തിക്കാനും 1998-ലും 2004-നുമിടയിൽ പ്രതിപക്ഷ നേതൃസ്ഥാനം അലങ്കരിക്കാനും സാധിച്ചു. 2004 മേയ് 22-ന് അദ്ദേഹം ഇന്ത്യൻ പ്രധാനമന്ത്രിയായി. 2009-ൽ രണ്ടാമതും പ്രധാനമന്ത്രിയാകാനുള്ള അവസരം അദ്ദേഹത്തെ തേടിയെത്തി. 2004 മുതലുള്ള പത്ത് വർഷങ്ങൾ ഇന്ത്യൻ സാമ്പത്തിക മേഖലയിൽ 7.7 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്.

പൗരന്മാർക്ക് ഭക്ഷണത്തിനുള്ള നിയമപരമായ അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, ജോലി ചെയ്യാനുള്ള അവകാശം, വിവരാവകാശം, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ ബില്ലുകൾ ഇക്കാലയളവിൽ പാസ്സാക്കി. ഇന്ത്യയെ ഒരു സാമ്പത്തിക ശക്തിയായി മാറ്റുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ആശയം. അദ്ദേഹത്തിന്റെ വിശ്വാസങ്ങളുടെ അടിത്തറയും സമർപ്പണ ബോധവും പൊതുപ്രവർത്തകർക്ക് മാതൃകയാണ്. എളിമയും മൃദുവായ പെരുമാറ്റവുംകൊണ്ട് ഇന്ത്യയുടെ കുതിച്ചുചാട്ടങ്ങൾക്ക് കാരണമായ വ്യക്തിത്വത്തിന്റെ ഉടമയാണ് ഡോ. മൻമോഹൻ സിംഗ്. ലോകം മുഴുവൻ സാമ്പത്തിക മാന്ദ്യത്തിൽപ്പെട്ടപ്പോഴും ഇന്ത്യയുടെ സാമ്പത്തിക മേഖലയെ പിടിച്ചുനിർത്താനും അദ്ദേഹത്തിന് സാധിച്ചു. ജനാധിപത്യ ബോധത്തോടെ പുരോഗമന ആശയങ്ങൾ നടപ്പാക്കിയ നല്ല ഒരു ഭരണാധികാരിയെന്ന നിലയ്ക്ക് അദ്ദേഹം എന്നും സ്മരിക്കപ്പെടും. അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും എന്റെ പാർട്ടിയും ദുഃഖം രേഖപ്പെടുത്തുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന അന്തരിച്ച ഡോ. മൻമോഹൻ സിംഗിനെക്കുറിച്ച് ബഹുമാന്യരായ അങ്ങും

മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെ കക്ഷിനേതാക്കൾ പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുന്നു. വ്യക്തമായ വീക്ഷണങ്ങളോടെയും ധാരണകളോടെയും ഈ രാജ്യത്തെ പുരോഗതിയിലേയ്ക്ക് നയിച്ച ഒരു മഹത് വ്യക്തിത്വമായിരുന്നു ഡോ. മൻമോഹൻ സിംഗിന്റേത്. അദ്ദേഹത്തെ കാണാൻ എനിക്ക് ജീവിതത്തിൽ ആകെ ഒരവസരമേ ലഭിച്ചിട്ടുള്ളൂ. അദ്ദേഹം പ്രധാനമന്ത്രിയായിരുന്ന അവസരത്തിൽ ഞാനും ശ്രീ. കെ. പി. ഉണ്ണികൃഷ്ണനും ശ്രീ. രമേശ് ചെന്നിത്തലയുമുൾപ്പെടെ ഏഴുപേർ അദ്ദേഹത്തെ സന്ദർശിക്കാൻ പോയപ്പോൾ അവിടെ ആറ് കസേര മാത്രമെ ഉണ്ടായിരുന്നുള്ളൂ. തദവസരത്തിൽ അദ്ദേഹം തന്നെ എഴുന്നേറ്റ് പോയി ഒരു കസേര എടുത്തുകൊണ്ടുവന്ന് നൽകിയശേഷം 'Anybody who comes to my room are my guest, be seated' എന്ന് പറയുകയുണ്ടായി. അത്രയും എളിമയുടെ പര്യായമാണ് അദ്ദേഹം. ഒരു എം.പി.-യും എം.എൽ.എ.-യും പോലുമല്ലാത്ത എനിക്ക് അത്രയും പ്രാധാന്യം അദ്ദേഹം നൽകിയിരുന്നു എന്ന് ഞാൻ ഓർക്കുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

ഓർഡർ....... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ജനവരി 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.51-ന് പിരിഞ്ഞു.)

****